MR. D. GRANASIGAMONY: Sir, I have sent some amendments on last saturday. But my amendments are not found printed and circulated. Under Section 40 of the Standing Orders, they ought to have been printed and circulated by this time.

MR. PRESIDENT: That will be done without delay. The consideration of the Bill is postponed.

THE TRAVANCORE FACTORIES BILL.

HON'BLE MR. N. KUNJURAMAN: I beg to present the report of the Select Committee on the Travancore Factories Bill and move that Bill as revised by the Select Committee be taken into consideration.

The motion was put and carried and the Bill was taken up for consideration.

The question that Clauses 2 to 7 do stand part of the Bill was put and carried.

Clauses 2 to 7 were added to the Bill.

CLAUSE 8.

MR. K. P. NILAKANTA PILLAI: Sir, I move that in Clause, 8, sub clause (4) may be deleted and the remaining clauses re-numbered.

സർ, ഈ ഭേദഗതി അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ച സംഗതി ഇതു വളരെ സാങ്കേതികമായ കാര്യങ്ങളാണെങ്കിലും അവയെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്നതുമായ ഒരു അപാകതയുണ്ടാകൊണ്ടാണ്. ഈ ബില്ലിന്റെ ആകപ്പാടെയുള്ള പ്രൊവിഷൻസ് പരിശോധിച്ചുനോക്കിയാൽ ഗവണ്മെൻറിന് ഈ ബില്ലിന്റെ നടത്തിപ്പിലേക്ക് ചീഫ് ഇൻസ്പെക്ടർ, ഇൻസ്പെക്ടർമാർ എന്നിങ്ങനെ രണ്ടുതരം ഇൻസ്പെക്ടർമാരെ നിയമിക്കുവാനുള്ള അധികാരമുണ്ടെന്നു കാണാം. ഫാക്ടറികൾ പരിശോധിക്കുവാനും മറ്റുമായിട്ടാണ് ഈ നിയമനങ്ങൾ ഉദ്ദേശിച്ചിരിക്കുന്നത്. ബില്ലിൽ എട്ടാമത്തെ വകുപ്പിൽ നാലാമത്തെ ഉപവകുപ്പിൽ "Every District Magistrate shall be an inspector for his district" എന്നു പറയുന്നു. അതു് എടുത്തുകളയണമെന്നു പറയുന്നതു് തത്വപരമായി രണ്ടു് അടിസ്ഥാനങ്ങളോടു കൂടിയാണ്.

ഒന്നാമതു്, ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ നമുക്കെല്ലാവർക്കും അറിയാം. ഇപ്പോഴത്തെ ആലോചനയിൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് എന്നുള്ള നിലയിൽ ചെയ്തു തീർക്കേണ്ട ജോലികൾ മുഴുവൻ ചെയ്തു തീർക്കാൻതന്നെ സമയമില്ല. ഇവിടെ ലേബർസംബന്ധമായി ധാരാളം തർക്കങ്ങളും വഴക്കുകളുമുണ്ടു്. ഈ ബിൽ നടപ്പിൽ വരുമ്പോൾ ഫാക്ടറി ഇൻസ്പെക്ടർമാർക്കു് വളരെ ഏറെ ജോലികൾ ചെയ്തു തീർക്കാനുണ്ടെന്നും ആ ജോലികളുടെ സ്വഭാവം ഗൗരവതരമായിരിക്കുമെന്നും നമുക്കു് ഊഹി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai.]

ക്കാവുന്നതാണ്. ഫാക്ടറികൾ ശരിയായി നടത്തുന്നുണ്ടോ, അവിടെ മൂത്രപ്പുരയുണ്ടോ, ലൈറ്റുണ്ടോ, ആഹാരം കഴിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടോ എന്നിങ്ങനെയുള്ള അനുകൂട്ടം കാര്യങ്ങൾ അവക്കു നോക്കേണ്ടതായുണ്ട്. ഇപ്പോൾ ദിവസവും സ്പൈക്കു നടക്കുന്ന കാലമാണ്. അതുസംബന്ധിച്ചും ധാരാളം ജോലികളുണ്ടാകും. അങ്ങനെയിരിക്കെ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ ഒരു ഇൻസ്പെക്ടരായി നിയമിച്ചതുകൊണ്ട് ഫാക്ടറി സംബന്ധിച്ചു യാതൊരുവിധമായ ജോലികളും കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ല.

രണ്ടാമതായി ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടും ഒരു ഫാക്ടറിയുമായി ഒരിക്കലും യോജിക്കുകയില്ല. അവിടെ ജോലി ചെയ്യുന്ന ലേബറേഴ്സ് സാധുക്കളാണ്. പലവിധത്തിലുള്ള വഴക്കുകളും അവിടെ ഉണ്ടാകാനിടയുണ്ട്. ആ നിലക്ക് ഒരു ഫാക്ടറിയിൽ ന്യായം നടത്താൻതന്നെ അദ്ദേഹം ഇടപെടുന്നതു ശരിയായിരിക്കുമോ എന്നു സംശയമാണ്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോടുള്ള ഭയംകൊണ്ട് അദ്ദേഹത്തെ സമീപിക്കുവാനും അദ്ദേഹവുമായി ഇടപെടുവാനും ഫാക്ടറിയിലുള്ളവർ മടിക്കും. അന്യായമായ തീരുമാനങ്ങൾ ഉണ്ടാക്കുവാൻ അതു ഇടനൽകുന്നതും ഫാക്ടറിയിലെ തൊഴിലാളികൾക്കും മാനേജർക്കും എല്ലാവർക്കും വിഷമങ്ങൾ ഉണ്ടാക്കുന്നതുമായ ഒരേർപ്പാടായിരിക്കും അതു്. ഇങ്ങനെ ഒരു ജോലിയും ചെയ്യുവാനുള്ള സമയവും സൗകര്യവുമില്ലാത്ത ഒരു ഉദ്യോഗസ്ഥനെ വച്ചാൽതന്നെ ബാക്കി കയ്യങ്ങൾക്കു തടസ്സമുണ്ടാകത്തക്കവണ്ണം അധികാരശക്തിയും പ്രാധാന്യമുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിച്ചാൽതന്നെ ഫാക്ടറിയുടെ നടപ്പിനു വിഘാതം ഉണ്ടാക്കുവാൻ ഉപകരിക്കുകയേ ഉള്ളൂ എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ മജിസ്ട്രേട്ടായിതന്നെ വച്ചാൽ മതിയാകും. അദ്ദേഹത്തിനു ഇപ്പോൾതന്നെ മജിസ്ട്രേട്ടധികാരത്തിനും പുറമെ പോലീസ്കാരുടെ അധികാരംകൂടിയുണ്ട്. കൂടുതൽ അധികാരങ്ങൾകൂടി അദ്ദേഹത്തിൽ നിക്ഷിപ്തമാക്കുകയായിരിക്കും ഇൻസ്പെക്ടർ ആയി അദ്ദേഹത്തെ നിയമിക്കുന്നതുകൊണ്ടു ചെയ്യുന്നതു്. അദ്ദേഹം ചീഫ് ഇൻസ്പെക്ടർ ആയിരിക്കുമോ, അതല്ല വെറും ഒരു ഇൻസ്പെക്ടർ മാത്രമായിരിക്കുമോ എന്നു ഈ ക്ലാസുകൊണ്ടു നിശ്ചയിക്കുവാൻ തരമില്ല. ഏതായാലും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ ഫാക്ടറിയിലെ ഒരു ഇൻസ്പെക്ടരായി വയ്ക്കേണ്ട ആവശ്യമില്ല. അതുകൊണ്ടാണു ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

HON'BLE MR. N. KUNJURAMAN : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഡിസ്ട്രിക്ടറു മജിസ്ട്രേട്ട് അദ്ദേഹത്തിന്റെ അധികാരാതിർത്തിക്കകത്തുള്ള സമാധാനസംരക്ഷണത്തിന് ചുമതലപ്പെട്ടയാളാണ്. ആവശ്യമെന്നു തോന്നുന്നപക്ഷം അദ്ദേഹത്തിനു ഫാക്ടറിയുടെ അകത്തു പ്രവേശിക്കുന്നതിനും അവിടെയുള്ള എല്ലാ സ്ഥലങ്ങളും ഇൻജിനും പരിശോധിക്കുന്നതിനും സൗകര്യവും അവകാശവും ഉണ്ടായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അദ്ദേഹത്തിന് ഇൻസ്പെക്ടരുടെ അധികാരം കൊടുക്കണമെന്നു പറയുന്നതു്. വ്യവസായസമാധാനവും നാട്ടിലെ ആഭ്യന്തരസമാധാനവും ആയി അദ്ദേഹമായി ബന്ധമുള്ള സ്ഥിതിക്ക് ഈ അധികാരം അദ്ദേഹത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു.

MR. K. K. CHELLAPPAN PILLAI : ഡിസ്ട്രിക്ടറു മജിസ്ട്രേട്ടെന്ന നിലയിൽ അദ്ദേഹത്തിന് ഏതു ഫാക്ടറിയിലും പ്രവേശിക്കാൻ അധികാരമില്ലേ?

HON'BLE MR. N. KUNJURAMAN : ഇൻസ്പെക്ടർ എന്ന നിലയിൽ അദ്ദേഹം പ്രവേശിക്കുന്നതാണു് വ്യവസായസമാധാനം പാലിക്കുന്നതിന് ആവശ്യമായിട്ടുള്ളതു്. ആ ഉദ്ദേശത്തോടുകൂടിയാണ് ഈ ക്ലാസ്സ് ഇവിടെ വച്ചിരിക്കുന്നതു്. അതുകൊണ്ടു് ശ്രീമാൻ നിലകണ്ഠപ്പിള്ളയുടെ ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുന്നു.

The amendment was put to vote and lost.

MR. PRESIDENT: Amendment No. 3 by Mr. K. P. Nilakanta Pillai.

MR. K. P. NILAKANTA PILLAI: I am not moving the amendment, Sir.

The question that clause 8 do stand part of the Bill was put and carried. Clause 8 was added to the Bill.

CLAUSE 9.

The question that Clause 9 do stand part of the Bill was put and carried. The Clause was added to the Bill.

CLAUSE 10.

MR. K. P. NILAKANTA PILLAI: My amendment is that in the Explanation to Clause 10, the word 'prescribed' may be substituted for the word 'a recognised' in line 2, and that the rest of the Clause after the word 'qualification' be deleted.

ഈ ഭേദഗതിയുടെ ഉദ്ദേശം എന്താണെന്നു വച്ചാൽ ഫാക്ടറി സംബന്ധമായ പല സംഗതികളിലും ഒരു ഡാക്ടരുടെ സർട്ടിഫിക്കറു് ആവശ്യമാണ്. അങ്ങനെ സർട്ടിഫിക്കറു കൊടുക്കാൻ യോഗ്യത

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R Nilakanta Pillai]

യുള്ള ഡാക്ടർക്ക് ഇന്നവിധത്തിലുള്ള കപ്പാളിഫിക്കേഷൻ ഉണ്ടായിരിക്കണം എന്നുള്ളതു് ഗവണ്മെൻറിൽനിന്നുണ്ടാക്കുന്ന റൂളിൽ വിശദപ്പെടുത്തിയിരിക്കണം. അല്ലാതെ മെഡിക്കൽ പ്രാക്റ്റീഷനേഴ്സ് ആക്ടനുസരിച്ചു് രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും കപ്പാളിഫിക്കേഷനുള്ള ആളായാൽ പോരാ. ഫാക്റ്ററി സംബന്ധിച്ചു് ഗൗരവതരമായ സംഗതികളെക്കുറിച്ചു് —ഒരാൾ മൈനറാണോ മേജറാണോ എന്ന ചോദ്യം തന്നെ പലപ്പോഴും ഉണ്ടാകും —സർട്ടിഫിക്കറുകൾ കൊടുക്കേണ്ടിവരും. മൈനർ എന്നു ഡാക്ടർ പറഞ്ഞാൽ മൈനർതന്നെ. അതുപോലെ മറ്റു പല സംഗതികളും ഉണ്ടു്. അതെല്ലാം നമുക്കു് അറിയുകയും ചെയ്യാം. അങ്ങനെയുള്ള കാര്യങ്ങൾ നടക്കാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. ഫാക്റ്ററിയിൽ ധാരാളം വെളിച്ചം ഉണ്ടോ? സാനിട്ടേഷൻ വേണ്ടവണ്ണം ഉണ്ടോ? ഇതെല്ലാം ഡാക്ടറുടെ സർട്ടിഫിക്കറിനെ ആശ്രയിച്ചാണിരിക്കുന്നതു്. പ്രത്യേക തരത്തിലുള്ള ജോലി ചെയ്യുന്ന മുറിക്കകത്തു് എത്രപേർ ഉണ്ടായിരിക്കണം എന്നു നിശ്ചയിക്കുന്നതിനും ഡാക്ടരുടെ സർട്ടിഫിക്കറു വേണം. അതുപോലെ ഈ ജോലി ചെയ്താൽ രോഗമുണ്ടാകുമോ ഇല്ലയോ ഇതെല്ലാം ഡാക്ടരുടെ കൈയിൽ ഇരിക്കുന്ന സംഗതികളാണ്. മെഡിക്കൽ പ്രാക്റ്റീഷനേഴ്സ് ആക്ടനുസരിച്ചുള്ള ഒരു ഡാക്ടർ ഹോമിയോപ്പതിക്കാരനും ആകാം; യുനാനിയും കാണും. ഇവരൊക്കെ സർട്ടിഫിക്കറു കൊടുക്കാൻ അർഹതയുള്ളവരായിരിക്കുമോ? ഇന്നയിന്ന ഡാക്ടർമാർ ഇന്നയിന്ന യോഗ്യതയുള്ളവർ എന്നു ഗവണ്മെൻറു് ഈ കാര്യത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. അതു് ഈ സഭയും സ്വീകരിക്കാമെങ്കിൽ സ്വീകരിക്കണം.

MR. K. K. CHELLAPPAN PILLAI : ഞാൻ അതിനെ അനുകൂലിക്കുന്നു. കൂടുതലായി അതിനെക്കുറിച്ചു് എനിക്കു് എന്തെങ്കിലും പറയണമെന്നാഗ്രഹമില്ല. നിയമം യഥാർത്ഥമായി, ശരിയായി ജനങ്ങൾ അനുസരിക്കണമെങ്കിൽ അതിൻെറ നിർവചനം ശരിയായിരിക്കണമെന്നു പ്രത്യക്ഷത്തിൽതന്നെ കാണാവുന്നതാണു്. അതിനെക്കുറിച്ചു് കൂടുതൽ വിശദീകരണം ആവശ്യമില്ല. ഞാൻ അതിനെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : ശ്രീ നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയോടുകൂടി വായിച്ചാൽ അതു് ഇങ്ങനെയാണു്:

"In this Section," qualified medical practitioner' means a person holding a 'prescribed qualification".

MR. K. K. CHELLAPPAN PILLAI : മെഡിക്കൽ പ്രാക്റ്റീഷനേഴ്സു ആക്റ്റനുസരിച്ചു് രജിസ്റ്റർ ചെയ്തിട്ടുള്ള ഡാക്ടറന്മാർ എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണു് ?

HON'BLE MR. N. KUNJURAMAN : എന്നു പറഞ്ഞാൽ അവർ കാമ്പിറ്റന്റു് ഹാൻഡ്സു് ആണെന്നു മാത്രമേയുള്ളു. ആ നിലയിൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. K. K. CHELLAPPAN PILLAI : ഇ വർഷം വൈദ്യപരിശീലനം കിട്ടിയിട്ടുള്ള ആർക്കും തിരുവിതാംകൂർ മെഡിക്കൽ പ്രാക്റ്റീഷനേഴ്സു ആക്ടനുസരിച്ചു് രജിസ്റ്റർ ചെയ്യാവുന്നതല്ലേ?

HON'BLE MR. N. KUNJURAMAN : ആക്റ്റു് വരുന്നതിനു് ഇ കൊല്ലം മുമ്പു് പ്രാക്ടീസു് ചെയ്തിട്ടുള്ളവർക്കു് ആകാം.

MR. K. K. CHELLAPPAN PILLAI : ബാലചികിത്സ നടത്താൻ സാമർത്ഥ്യമുള്ളവർക്കും മെഡിക്കൽ പ്രാക്ടീഷനേഴ്സു് ആകാം. ഇങ്ങനെ ഉള്ളവർക്കു് ഇതിൽ എന്തെങ്കിലും പ്രവർത്തിക്കാൻ അധികാരമുണ്ടോ?

MR. P. T. CHACKO : 'Prescribed' എന്നു പറഞ്ഞാൽ തന്നെയും 'Prescribed by rules' എന്നാണു്. ഇന്നത്തെ നിലയിൽ ഇരുന്നാൽ മെഡിക്കൽ പ്രാക്ടീഷനേഴ്സു് ആക്ടനുസരിച്ചു് ലൈസൻസു് കിട്ടിയിട്ടുള്ള ആൾക്കും സർട്ടിഫിക്കറു കൊടുക്കാവുന്നതാണു്. എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ ബാലചികിത്സക്കാരായാലും മതി. മഞ്ഞപ്പിത്തത്തിനു് ചികിത്സിക്കുന്നവർക്കും ആകാം. മുമ്പു് മെഡിക്കൽ കൗൺസിലിനെ എങ്ങിനെയെങ്കിലും ഉപ്പിപ്പെട്ടെന്നിയാൽ ലൈസൻസു് കിട്ടുമായിരുന്നു. അങ്ങനെ കിട്ടിയിട്ടുള്ളവർ ഫാക്ടറി സംബന്ധമായ കാര്യങ്ങളിൽ സർട്ടിഫിക്കറു കൊടുക്കുന്നതു ശരിയല്ല. മെഡിക്കൽ മന്ത്രി ഇതംഗീകരിക്കണമെന്നാണു് എന്റെ അപേക്ഷ.

MR. P. BALAKRISHNAN TAMBI : Will the Hon'ble Minister for Health and Medicine explain the position ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : ആദ്യം പറഞ്ഞതിൽ കുറേ തകരാറുണ്ട്. ഒരു വൈദ്യനോ ഒരു ഡാക്ടരോ യോഗ്യനാണെന്നു പറഞ്ഞതിനുശേഷം ഒരു differentiation കൊടുക്കുന്നതു ശരിയല്ല.

സെക്ഷൻ പത്തിൽ പറഞ്ഞിരിക്കുന്നതു ഇപ്രകാരമാണ്: "Our Government may appoint qualified medical practitioners to be certifying surgeons for the purposes of this Act." In this Section 'qualified medical practitioner' means a person holding a recognised qualification under the Travancore Medical Practitioners Act, 1119 (Act VII of 1119.)

ഇതിൽ ബാലചികിൽസക്കാരനും മറ്റും ഈ അധികാരം കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. മെഡിക്കൽ പ്രാക്റ്റീഷനേഴ്സ് ആക്റ്റനുസരിച്ചു് റെക്കഗ്നൈസു് ചെയ്തിട്ടുള്ള യോഗ്യതയുള്ളവരായിരിക്കണം ആക്ടനെയുള്ളവർ.

MR. P BALAKRISHNAN THAMPI: May I request the Hon'ble Minister for Health and Medicine to speak on the matter?

M. P. T. CHACKO : പത്താംക്ലാസ്സിൽ "Our Government may appoint qualified medical practitioners" എന്നാണു് പറഞ്ഞിരിക്കുന്നതു്. കോളിഫൈഡ് മെഡിക്കൽ പ്രാക്റ്റീഷനേഴ്സ് എന്നു പറഞ്ഞാൽ ആരാണു്? ട്രാവൻകൂർ മെഡിക്കൽ പ്രാക്റ്റീഷനേഴ്സ് ആക്ടനുസരിച്ചു് കോളിഫൈഡ് മെഡിക്കൽ പ്രാക്റ്റീഷനേഴ്സ് എന്നു പറഞ്ഞാൽ ഡാക്ടർമാർ മാത്രമല്ല. മറ്റു ചികിൽസായോഗ്യതയുള്ളവരും കോളിഫൈഡ് മെഡിക്കൽ പ്രാക്റ്റീഷനേഴ്സ് ആണു്. ഇങ്ങനെയുള്ളവരെ ഉദ്ദേശിച്ചുണ്ടു് അമെൻഡുമെന്റു കൊണ്ടുവന്നിട്ടുള്ളതു്. എന്റെ സുഹൃത്തു് പറഞ്ഞതുപോലെ ഒരാൾ മൈനറാണോ മേജറാണോ എന്നു് നമുക്കുള്ളതുപോലെയല്ലാതെ വിശേഷാൽ യാതൊരു അറിവും ഇല്ലാത്ത ഒരാളിന്റെ സർട്ടിഫിക്കേറ്റു് മതിയെന്നു വയ്ക്കുന്നതു് അനുചിതമായിരിക്കും. അതു് മന്ത്രികൂടി ചിന്തിക്കണമെന്നുപേക്ഷിക്കുന്നു.

MR. P. BALAKRISHNAN TAMPI: I also support Mr. K. P. Nilakanta Pillai. The whole trouble, I believe, arises out of this fact that, as usual, we have been faithful in imitating—I wish to avoid the word copying—what other draftsmen have done. Unfortunately, if my memory is correct, the Medical Practioners' Act elsewhere is slightly different from the Act here. In Travancore, it is a comprehensive or a composite Act in which the allopath, the homeopath, siddha vaidya and hakim are joined together by some not very rational arrangement. Therefore, the qualification prescribed under the Medical Practioners' Act would be very ridiculous for doing the job contemplated under this Act. To find out the deleterious effect

LIBRARY ARCHIVES Kerala Legislative Assembly

on the human system of some manufacturing process would not be done by these excellent people who attack diseases on the basis of the Ayurvedic theory of 'tridoshas'. They are good at prescribing oils, and may be very good at treating diseases in an empirical manner but that is not the qualification required for approaching a problem of this sort. Therefore, we want members of the medical profession who have the necessary technical and scientific training to observe and find out these things. That is why I again appeal to the Minister for Health and Medicine just to brush up the memory of this House in regard to the recognised qualifications under the Medical Practitioners' Act. It would be very ridiculous if a vaidyan or a hakim goes to a factory-however much we may appreciate the change that has come over the nationalisti c bias,—and does not prove helpful in diagnosing the evil of the factory. We need a man qualified in western medicine, if possible with a degree of a University standard. It is such men who should be appointed for an important work of this sort. With these words, Sir, I have very great pleasure in seconding the amendment proposed by my friend, Mr. K. P. Nilakanta Pillai and I should like to hear the lurking honourable Minister for Medicine or the Honourable Mr. Kunjuraman, speaking with particular reference to the section concerned in the Medical Practitioners' Act. This is not a matter in which we can interest the House with mere 'sankethams'. (*Laughter*) We want some knowledge on the matter.

Mr. T. M. VARGHESE : ബഹുമാനപ്പെട്ട മെംബറുടെ അടുക്കൽ നിന്നും ഒരു സംഗതി അറിഞ്ഞാൽ കൊള്ളാമെന്നു വിചാരിക്കുന്നു. ഇതുകൊണ്ടു വല്ല ഉപദ്രവവും വരാനുണ്ടോ? റെക്കഗ്നൈസ്ഡ് എന്നതു മാറി പ്രിസ്ക്രൈബ്ഡ് എന്നാക്കിയാൽ ഗവണ്മെൻറിനു് എന്തെങ്കിലും അസൗകര്യമോ പ്രായോഗികവൈഷമ്യമോ ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ അമെൻറുമെൻറു കൊണ്ടു് ഉദ്ദേശിക്കുന്നതു ഗവണ്മെൻറിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയുള്ള ഡാക്ടറന്മാരേക്കൊണ്ടു് പരിശോധന നടത്തണമെന്നുള്ളതാണു്. അല്ലാതെ അഞ്ചുവർഷം പ്രാക്ടീസു് നടത്തിയിട്ടുള്ള ആർക്കും ആ ജോലി നിർവഹിക്കാൻ പാടില്ലാ എന്നുള്ളതാണു്. ഇപ്പോഴത്തെ രൂപം അനുസരിച്ചു് നോക്കുന്ന പക്ഷം 8 വർഷം പ്രാക്ടീസു് നടത്തിയവർ അതിൽ ഉൾപ്പെട്ടും. അവരിൽആരെയെങ്കിലും നിയമിക്കാൻ ഫാക്ടറി ഉടമസ്ഥനു് അവകാശമുണ്ടു്. നിലവിലിരിക്കുന്ന മെഡിക്കൽ പ്രാക്റ്റീഷണേഴ്സു് ആക്ടു് അനുസരിച്ചു് ഹോമിയോപ്പതി, അലോപ്പതി, ആയുർവേദം, യൂനാനി—യൂനാനി—മേശമല്ല എന്നിങ്ങനെ എല്ലാ ചികിത്സാസമ്പ്രദായക്കാരും കമ്പൗണ്ഡർ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. M. Varghese]

ആണ്. എന്നാൽ ഗവണ്മെൻറ് ഉദ്ദേശിച്ചിരിക്കുന്നത് എൽ. എം. എസ്സോ, എം. ബി. ബി. എസ്സോ പാസ്സായിട്ടുള്ളവരെയായിരിക്കാം. ഏതായാലും കാര്യക്ഷമതയുള്ള വേണ്ടി ഈ അമെൻറുമെൻറ് സ്വീകരിക്കുന്നതാണ് നല്ലത്.

HON'BLE MR. N. KUNJURAMAN : ശ്രീമാൻ ബാലകൃഷ്ണൻ തമ്പിയുടെ വിശദീകരണത്തിൻറെ വെളിച്ചത്തിൽ ഈ ഭേദഗതിയെ സ്വീകരിക്കുന്നതിന് ഞാൻ തയാറാണ്.

MR. PRESIDENT : അമെൻറുമെൻറ് സ്വീകരിച്ചിരിക്കുന്നു.

The motion that Clause 10, as amended, do stand part of the Bill was put and carried.

Clause 10 was added to the Bill.

CLAUSE 11.

MR. K. P. NILAKANTA PILLAI: I move:

"In Clause 11, sub clause d (i), substitute the word "year" for the words, "period of five years." Where they are painted or varnished or repainted or re-varnished, at least once in a period of five years," I say, "once in every year."

പത്തോ അൻപതോ ആളുകൾ ജോലി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥലത്തിനാണ് ഒരു ഫാക്ടറി എന്നു പറയുന്നത്. അവർ ആഹാരം കഴിക്കുന്ന സ്ഥലം, ജോലിചെയ്യുന്ന സ്ഥലം വെളിക്കിരിക്കുന്ന സ്ഥലം ഇവയെല്ലാം നല്ല കണ്ടിഷനിൽ ഇരുന്നില്ലെങ്കിൽ അതു സുഖക്കേടുകൾ ഉണ്ടാകുന്നതിന് കാരണമാണ്. അങ്ങനെയിരിക്കെ വൈറ്റ് വാഷിംഗ്, വാർണിഷിംഗ്, പെയിൻറിംഗ് മുതലായവ അഞ്ചു കൊല്ലത്തിലൊരിക്കൽ നടത്തിയാൽ മതിയോ? അതു കൊല്ലം തോറും തന്നെ നടത്തേണ്ടതല്ലേ? നാം തന്നെ നമ്മൾ താമസിക്കുന്ന സ്ഥലങ്ങൾ കുറഞ്ഞതു് ആണ്ടിലൊരിക്കലെങ്കിലും വൈറ്റുവാഷ് ചെയ്യാറുണ്ടല്ലോ. അതുകൊണ്ട് ഈ അഞ്ചുകൊല്ലമെന്നതു് കൊല്ലംതോറുമെന്നാക്കണമെന്നാണ് എൻറെ ഈ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്.

MR. K. K. CHELLAPPAN PILLAI : I second it

HON'BLE MR. N. KUNJURAMAN: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. സാധാരണയായി കളർപെയിൻറിംഗും വാർണിഷിംഗും മറ്റും കൊല്ലംതോറും വളരെ അപൂർവമായിട്ടേ ചെയ്യാറുള്ളൂ. എന്നാൽ സബ്സെക്ഷൻ രണ്ടിലും മൂന്നിലും പറയുന്നതു് വായിച്ചു നോക്കുക. വൈറ്റുവാഷും പെയിൻറിംഗും ചെയ്യേണ്ടതായ ചില സ്ഥലങ്ങളിൽ പതിനാലു

LIBRARY ARCHIVES Kerala Legislative Assembly

മാസത്തിൽ ഒരിക്കൽ അപ്രകാരം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതു നിലയ്ക്ക് ശ്രീമാൻ നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയെ എതിർക്കുന്നു.

MR. K. P. NILAKANTA PILLAI: "Whitewashing and colourwashing shall be carried out once in a period of 14 months."

പതിനാലുമാസത്തിൽ ഒരിക്കൽ ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത് അങ്ങനെ വല്ല സ്ഥലത്തും പതിനാലുമാസത്തിൽ ഒരിക്കൽ നടത്തുന്നുണ്ടോ ?

HON'BLE MR. N. KUNJU RAMAN : പതിനാലുമാസം എന്നു വച്ചിരിക്കുന്നത് പന്ത്രണ്ടു മാസത്തിലൊരിക്കൽ ചെയ്തില്ലെങ്കിൽ ചെയ്യാത്തവരെ പ്രോസിക്യൂട്ട് ചെയ്യാനാണ്. അതിനു വേണ്ടിയാണ് രണ്ടു മാസം കൂടി കൊടുത്തിരിക്കുന്നത്.

The amendment was put to vote and lost.

The question that Clause 11 do stand part of the Bill was put and carried.

Clause 11 was added to the Bill.

The question that Clauses 12 to 17 do stand part of the bill was put and carried. Clauses 12 to 17 were added to the Bill.

CLAUSE 18.

MR. K. P. NILAKANTA PILLAI: I move:

"In sub clause (2), delete the rest of the Clause after the word 'urinal' in line 2, and put a full stop after that."

"Unless a shorter distance is approved in writing by the Chief Inspector."

ഈ ക്ലാസ്സ് മുഴുവൻ വായിച്ചാൽ ഇങ്ങനെയാണ്.

"all such points shall be legibly mentioned, drinking water, in a language understood by a majority of the workers employed in the factory, and no such points shall be situated within 20 feet of any washing place or urinal or latrine unless a shorter distance is approved in writing by the Chief Inspector"

ഇതു മുഴുവൻ എടുത്തുകളയാവുന്നതാണ്. കുടിക്കാൻ വെള്ളം വച്ചിരിക്കുന്ന സ്ഥലത്തു നിന്നും 20 അടി ദൂരത്തായിരിക്കണം ഫാക്ടറിയുടെ കക്കൂസുകളും, എതെങ്കിലും കഴുകുന്നതിനുപയോഗിക്കുന്ന സ്ഥലങ്ങളും എന്നാണ് ഈ ക്ലാസ്സ് കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ 'unless a shorter distance is approved in writing by the Chief Inspector' എന്നുംപറഞ്ഞിട്ടുണ്ട്. ഇതിൽനിന്നും ചീഫ് ഇൻസ്പെക്ടരുടെ അനുകൂല്യമുണ്ടെങ്കിൽ 20 അടിതന്നെ വേണ്ട എന്നുവരുന്നുണ്ട്. ഈ ചീഫ് ഇൻസ്പെക്ടരുടെ കോളിഫിക്കേഷൻ എന്തായിരിക്കും എന്നൊന്നും

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Neelakanta Pillai]

വിശദമാകുന്നില്ല. അതുകൊണ്ടാണ് തീർച്ചയായും ൨൦ അടി ദൂരം ഉണ്ടായിരിക്കണം എന്നു പറഞ്ഞത്. അതാണ് എന്റെ ഭേദഗതിയുടെ അർത്ഥം.

MR. A. P. UDAYABHANU: I support the amendment, Sir. This is a change brought about by the Select Committee. In the original bill it was like this:

"All such points shall be legibly marked "drinking water," in a language understood by a majority of the workers employed in the factory, and no such point shall be situated within twenty feet of any washing place, urinal or latrine." To get exemption was not originally contemplated in the Bill. I think there is no difficulty in accepting the amendment.

HON'BLE MR. N. KUNJURAMAN: I oppose the amendment. If this amendment is accepted as it is worded, the sub-clause would read like this:—

"All such points shall be legibly marked "drinking water" in a language understood by a majority of the workers employed in the factory, and no such point shall be situated within twenty feet of any washing place urinal".

MR. K. P. NILAKANTA PILLAI: It is due to the printer's omission.

HON'BLE MR. N. KUNJURAMAN: എന്റെ മുമ്പിൽ ഇരിക്കുന്ന ഭേദഗതിയെ സംബന്ധിച്ചാണ് ഞാൻ സംസാരിക്കുന്നത്. ൨൦ അടി ദൂരം വേണമെന്നു പറഞ്ഞാൽ, എല്ലാ ഫാക്ടറികളിലും അതിനുള്ള സൗകര്യം കാണുമോ എന്നു സംശയമാണ്. അതുകൊണ്ടു അതു അനുവദിക്കുവാൻ പാടില്ലെന്നാണ് എനിക്കു പറയാനുള്ളതു. പുതിയ സജ്ജീകരണങ്ങൾ വച്ചാൽ ആരോഗ്യ സംരക്ഷണത്തിനു യാതൊരുവിധത്തിലും അതു ബാധകമായിരിക്കയില്ല.

MR. A. P. UDAYABHANU: Is he an authority on that to certify?

HON'BLE MR. N. KUNJURAMAN: ഈ ബിൽ അനുസരിച്ച് ഒരു ഡിവിഷൻ പേഷ്കാരെയാണ് സർട്ടിഫൈ ചെയ്യുന്നതിനു അധികാരപ്പെടുത്തിയിട്ടുള്ളതു.

MR. P. T. CHACKO: Is there any inconvenience to accept the amendment?

HON'BLE MR. N. KUNJURAMAN: ഈ ഭേദഗതി സ്വീകരിക്കൻ പാടില്ലെന്നുള്ളതിനെപ്പറ്റി ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു. ഈ ൨൦ അടി എന്നുള്ളതു അംഗീകരിക്കുന്നപക്ഷം സ്ഥലപ്പരുക്കുള്ള ഫാക്ടറികളിൽ ലട്രിൻ വയ്ക്കാൻ നിവൃത്തിയില്ലാതെവരും.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO : ൨൦ അടി അകലെ ചുമരിൻ ഉണ്ടാക്കാൻ സ്ഥലമില്ലാത്ത ഫാക്ടറികൾ തിരുവിതാംകൂറിൽ ഉണ്ടോ ?

HON'BLE MR. N. KUNJURAMAN : അങ്ങിനെയുള്ള ഫാക്ടറികളും ഉണ്ട്.

MR. P. BALAKRISHNAN TAMPI : Sir, I rise to oppose the amendment moved by my honourable friend Mr. K. P. Nilakanta Pillai. In opposing that I have merely to paraphrase the very intelligent point put by my learned friend. Sir, this is a very necessary proviso. In over-crowded areas it is very difficult to locate 20 feet or so from where the water is collected. Buildings are constructed in accordance with modern ideas of sanitary engineering and there is absolutely no menace to public health if water is stored near the latrines or urinals. In cases where it is impossibe to comply with this provision there must be reason in writing by the Chief Inspector. The Chief Inspector, in the scheme, is not a non-official. When a District Magistrate is made an ex-officio Inspector, this House will be able to understand the dignity and status of the officer who is to certify. And, any person who is acquainted with modern sanitary appliances need not have any fear in having a proviso like this.

MR. K. P. NILAKANTA PILLAI : May I know whether the hon'ble member is aware of the space provided for one worker in a factory?

MR. P. BALAKRISHNAN TAMPI: I know that there is nothing in the provision to force the worker in that inconvenient place.

MR. K. P. NILAKANTA PILLAI: Under the provisions of this Act, 500 cft. is only provided for one worker. But 5000 cft is the required minimum space for a worker.

MR. P. BALAKRISHNAN TAMPI: Mr. K. P. Nilakanta Pillai is more straight and honest than myself and more imaginative. I cannot visualise a distance without knowing actually the building or the particular plant. My hon'ble friend has wasted his great talents as an Engineer for law and legislative functions.

MR. K. K. CHELLAPPAN PILLAI : സർ, ഈ ഭേദഗതിയെ അനുകൂലിക്കണമെന്ന് വിചാരിച്ചിരുന്നില്ലെങ്കിലും ഇവിടെ ചിലർ എതിർത്ത് സംസാരിച്ചതുകേട്ടപ്പോൾ ഇതിനെ അനുകൂലിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്.

MR. PONNARA G. SREEDHAR : ഒരിക്കൽ അനുകൂലിച്ച ആളിനു പിന്നീടു പ്രതികൂലിക്കാൻ അവകാശമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : മിസ്റ്റർ സ്പീക്കർ ഉറങ്ങുകയായിരുന്നുവെന്ന് തോന്നുന്നു. അനുകൂലിക്കണമെന്ന് വിചാരിച്ചിരുന്നില്ല എന്ന് പറഞ്ഞതുകൊണ്ടല്ലാതെ ഞാൻ ഇതിനെ പ്രതിക്കൂലിച്ച് പ്രസംഗിച്ചിട്ടില്ല. തിരുവിതാംകൂറിലെ സ്ഥിതിഗതികളേയും യാഥാർത്ഥ്യങ്ങളേയും വിസ്മരിക്കരുതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അവർകളോടും സഭയോടും എനിക്ക് ആദ്യമായി പറയാനുള്ളത്. ഇവിടത്തെ സാധാരണ ഫാക്ടറികളിൽ പൊതുവേയുള്ള അനാരോഗ്യകരമായ പരിതഃസ്ഥിതികളെ നിവാരണംചെയ്യുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ ബില്ലനുസരിച്ച് ഫാക്ടറിയിൽ പത്തോ അതിലധികമോ പേരെങ്കിലും ജോലിചെയ്യുന്ന എല്ലാ ഫാക്ടറികളിലും അവക്ക് സൗകര്യമായിനിന്ന് ജോലി ചെയ്യത്തക്കവണ്ണം അത്യാവശ്യം കുടിക്കിടി സ്ഥലമെങ്കിലും ഉള്ള കെട്ടിടം ഉണ്ടായിരിക്കണമെന്ന് നാം നേരത്തെതന്നെ ഒരു ക്ലാസിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്റെ സ്നേഹിതൻ മി. ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ സാങ്കല്പികമായി എന്തെല്ലാം പറഞ്ഞാലും ഈ ലക്ഷ്യം, യൂറിൻ ഷെഡ്ഡുമൊന്നും നിശ്ചയമായും അതു ശുചിയായിട്ടൊന്നും സൂക്ഷിക്കാൻ ഈ ഫാക്ടറികളിൽ സാധ്യമല്ലെന്ന് സമ്മതിക്കുകതന്നെ വേണം. ഈ ഭേദഗതി സ്വീകരിച്ചില്ലെങ്കിൽ ഈ ക്ലാസ് ഫാക്ടറി ഉടമസ്ഥന്മാർക്കും തൊഴിലാളികൾക്കും ഒരുപോലെ ഉപദ്രവകരമായിത്തീരുമെന്നാണ് എനിക്ക് പറയാനുള്ളത്. ഫാക്ടറിയിൽ ലക്ഷ്യം കക്കാൻ വെള്ളം വച്ചിരിക്കുന്ന സ്ഥലവും തമ്മിൽ ഇരുപതടി അകലം ഉണ്ടായിരിക്കണമെന്നാണ് ഇപ്പോൾ ഈ ക്ലാസിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെയല്ലാതിരിക്കണമെങ്കിൽ ചീഫ് ഇൻസ്പെക്ടരുടെ

... ...

MR. P. S. MOHAMMED : ഫാക്ടറികെട്ടിടങ്ങൾ ഉണ്ടാക്കുന്നതിന് മുൻകൂട്ടി പ്ലാനും സ്കെച്ചും ഗവണ്മെന്റിൽ സമർപ്പിച്ച് സമ്മതം വാങ്ങണമെന്ന വ്യവസ്ഥയില്ലെ ?

MR. K. K. CHELLAPPAN PILLAI : ഉണ്ട്.

MR. P. S. MOHAMMED : അങ്ങനെയാണെങ്കിൽ അതിൽ ഈ ലക്ഷ്യത്തിന്റെയുംമറ്റും കാര്യംകൂടെ ഉൾപ്പെട്ടുകയില്ലേ ?

MR. K. K. CHELLAPPAN PILLAI : അതും ഉൾപ്പെട്ടുമായിരിക്കാം. അതിനെക്കുറിച്ചല്ലാ ഇപ്പോൾ ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഫ്ലഫ് ഫാക്റ്ററി ഇൻസംപെക്ടർ പരിശോധിച്ച് സർട്ടി ഫിക്കറ്റ് കൊടുക്കത്തക്കവണ്ണം ഈ ഉടമസ്ഥന്മാരും യൂറിനലും എല്ലാം ദിവസവും ശുചിയായി വച്ചുകൊണ്ടിരിക്കുന്നതിന് ഫാക്റ്ററിഉടമസ്ഥന്മാക്ക് ബുദ്ധിമുട്ടുണ്ടാകും. അതു പലപ്പോഴും അസാദ്ധ്യമാണെന്നും വന്നേക്കാം. തൊഴിലാളികൾ ഉപയോഗിക്കുന്ന ഉടമസ്ഥനും മറ്റും അതുവളരെ നല്ല ഒരു സ്ഥിതിയിൽ ഇരിക്കുമെന്ന് വിചാരിക്കാൻ ന്യായമില്ല. അങ്ങനെ നോക്കുമ്പോൾ ഈ ഭേദഗതി വരുത്താതെ ഈ ക്ലാസ്സ് പാസാക്കിയാൽ അതു ഫാക്റ്ററിഉടമസ്ഥന്മാക്ക് ഉപദ്രവകരമായിരിക്കും. ബാംബേ മുതലായ സിറ്റികളിലെപ്പോലെ സൈൻറിഫിക്കായിട്ടുള്ള സാനിട്ടറി അറേഞ്ചുമെൻറ്സ് നമ്മുടെ ഫാക്റ്ററികളിൽ ഉണ്ടാക്കാറില്ല. അത്തരം അറേഞ്ചുമെൻറുകളോടുകൂടിയ ഒരു ഫാക്റ്ററിയെപ്പറ്റി ഈ അവസരത്തിൽ ചിന്തിച്ചിട്ടും കാര്യമില്ല. പത്തോ ഇരുപതോപേർ മാത്രം ജോലിചെയ്യുന്ന തിരുവിതാംകൂറിലെ ബഹുഭൂരിപക്ഷം ഫാക്റ്ററികളിലും അങ്ങനെ ഒരു സൗകര്യം ഉണ്ടാകുമെന്ന് വിചാരിക്കാൻ നിവൃത്തിയില്ല. സാധാരണയുള്ള യൂറിനലും ലട്രിനും ഒക്കെ പലവിധത്തിൽ വൃത്തികേടായിട്ടതന്നെ ഇരിക്കുമെന്നുള്ളതുകൊണ്ട് കുടിക്കാനുള്ള വെള്ളം കുറെകൂടെ വരുമ്പോക്കുന്നതാണ് തൊഴിലാളികൾക്ക് നല്ലത്. അതിന് സാങ്കേതികമായ യാതൊരു തടസ്സവുമില്ല. വ്യവസായികൾക്കും തൊഴിലാളികൾക്കും ഉപദ്രവം വരാതിരിക്കത്തക്കവണ്ണമുള്ള ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എന്റെ അപേക്ഷ.

HON'BLE MR. E. K. MADHAVAN : കുടിക്കുന്നതിനുള്ള വെള്ളം പൈപ്പുകളിൽക്കൂടി മുകളിൽ വരികയും യൂറിനലിലേക്ക് ഫ്ലഷ് ചെയ്ത് ഉണ്ടായിരിക്കുകയും ചെയ്താൽ കുഴപ്പമുണ്ടോ ?

MR. K. K. CHELLAPPAN PILLAI : അങ്ങനെ എന്തെങ്കിലും രൂപത്തിൽ സാങ്കേതികങ്ങളായ തടസ്സങ്ങളൊന്നും ഇല്ലാത്തപ്പോൾ എന്തുകൊണ്ട് ഭേദഗതി സ്വീകരിച്ചുകൂടാ.

MR. K. P. NILAKANTA PILLAI : അതിൽ മറ്റു കുഴപ്പങ്ങളൊന്നും ഇല്ലെങ്കിലും, ആ വെള്ളം കുടിക്കാൻ മനസ്സിന് പിടിക്കുകയില്ലെന്ന് അറിയാമോ ?

MR. P. M. VARGHESE : സർ, ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ എതിർക്കാനാണ് ഞാൻ ഇവിടെ നിൽക്കുന്നത്. ഈ ഭേദഗതിയുടെ ആവശ്യം തന്നെ എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതായത് ഈ ബില്ലിൽ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Varghese.]

"(2) All such points shall be legibly marked. "drinking water" is a language understood by a majority of the workers employed in the factory, and no such point shall be situated within twenty feet of anv washing place urinal or latrine *unless a shorterdistance is approved in writing by the Chief Inspector.*" എന്ന്. സാധാരണ ൨൦ അടി അയിരിക്കണമെന്നാണ് വയ്പ്. അങ്ങനെയല്ലാതെ വരണമെങ്കിൽ അതിനു ചില പ്രത്യേക സന്ദർഭങ്ങൾ ഉണ്ടാകണം. ഈ പരിഷ്കൃത കാലത്തു് ഒരു ഫാക്ടറിയിൽ അങ്ങനെ ഒരു സന്ദർഭം ഉണ്ടാകാൻ പാടില്ലെന്നില്ല. തൊഴിലാളികളുടെ കാര്യം സ്വന്തം കാര്യം പോലെ കരുതുന്ന മുതലാളിമാരും ഉണ്ടു്. തൊഴിലാളികളുടെ സൗകര്യത്തെ ലാക്കാക്കി . . . . . .

MR. P. KUNJUKRISHNAN : ഈ ക്ലാസ്സ് ഭേദഗതി ചെയ്യാതിരിക്കുന്നപക്ഷം അങ്ങനെ ൨൦ അടി ദൂരം ഉണ്ടായിരിക്കണമെന്ന് നിർബന്ധം വല്ലതുമുണ്ടോ ?

MR. P. M. VARGHESE : ഉണ്ടായിരിക്കണമെന്ന് നിർബന്ധമുണ്ടു്. അതാണു് ആദ്യം പറഞ്ഞിരിക്കുന്നതു്. അങ്ങിനെ നിർബന്ധമില്ലാതിരിക്കണമെങ്കിൽ ഇൻസ്പെക്ടർ സർട്ടിഫൈ ചെയ്യണം. ഇക്കാലത്താണെങ്കിൽ പൈപ്പുവാട്ടറും മറ്റും കിട്ടാൻ ധാരാളം സൗകര്യം ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതിക്ക് ഒരു ഭിത്തിയുടെ ഒരു വശത്തു് ടാപ്പിനും മറുവശത്തു് കുടിക്കാൻ വെള്ളം എടുക്കുന്ന പൈപ്പും വച്ചാൽ സാനിട്ടറി തത്വങ്ങളനുസരിച്ചു് യാതൊരു ഉപദ്രവവും വരുകയില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. ഇന്നു പലയിടത്തും നടപ്പിലിരിക്കുന്നതും അങ്ങിനെയാണു്. തിരുവനന്തപുരത്തുള്ള ചില ഹോട്ടലുകളിൽ ചെന്നു നോക്കിയാൽ ആളുകൾ താമസിക്കുന്ന മുറിയോടു ചേർന്നാണ് ടാപ്പിനും യൂറിനാലും ഉണ്ടാക്കിയിരിക്കുന്നതു്. ഹോട്ടലുകളിൽ അങ്ങനെയുള്ള അറേഞ്ച്മെൻറുകൾ ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ എന്തുകൊണ്ടാണ് ഫാക്ടറികളിൽ മാത്രം ൨൦ അടിയകലം വേണമെന്ന നിർബന്ധം പിടിക്കുന്നതെന്നു മനസ്സിലാകുന്നില്ല. സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻ അഴിമതിക്കാരനായിരിക്കുമെന്നുള്ള ഭീതിയാണ് ഈ തക്കത്തിന്റെ അടിസ്ഥാനമെങ്കിൽ നമുക്കു ഒരു ഉദ്യോഗസ്ഥനേയും വിശ്വസിക്കാൻ വയ്യാ എന്നുവച്ചാൽ മതി. ഉദ്യോഗസ്ഥന്മാർ എന്നു പറയുന്നവരും നമ്മുടെ സഹോദരന്മാരാണ്. അവരെ നാം വിശ്വസിക്കുന്നില്ലെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നാം നമ്മെതന്നെ വിശ്വസിക്കുന്നില്ലെന്നാണ്. നമ്മുടെ ഉദ്യോഗസ്ഥന്മാരെ നാം വിശ്വസിക്കാ

LIBRARY ARCHIVES Kerala Legislative Assembly

തിരുന്നാൽ നമുക്കുതന്നെയാണ് അതുകൊണ്ടുള്ള അഭിമാനക്ഷയം. എനിക്ക് ചില മുതലാളിമാരെ അറിയാം. സ്വന്തം സുഖത്തെപ്പോലെ തന്നെ തൊഴിലാളികളുടെ സുഖത്തേയും നോക്കുന്നവരാണ് അവർ. ഇനിയും അങ്ങിനെയുള്ള മുതലാളിമാർ കൂടുതലായി ഉണ്ടാകാം. ആ നിലക്ക് ഈ ഭേദഗതി സ്വീകരിക്കാൻ പാടില്ലെന്നാണ് എന്റെ ബലമായ അഭിപ്രായം.

The amendment was put to vote and lost.

The question that Clauses 18 to 21 stand part of the Bill was put and carried.

Clauses 18 to 21 were added to the Bill.

CLAUSE 22.

MR. K. P. NILAKANTA PILLAI: In sub-clause (2) delete the words 'woman or' in line 1. ഇതാണ് എന്റെ ഭേദഗതി.

ഇതിൽ 'Woman' എന്ന വാക്ക് എടുത്തുകളഞ്ഞാൽ കുട്ടികളെ മാത്രം പ്രവേശിപ്പിക്കാൻ പാടില്ലെന്നുവരും. ഇപ്പോൾ ഇരിക്കുന്ന വകുപ്പ് അനുസരിച്ച് കുട്ടികളേയും സ്ത്രീകളേയും ഇതിന് അനുവദിക്കാൻ പാടില്ലെന്നാണ് കാണുന്നത്. ജോലി എന്തെന്നു വച്ചാൽ, മെഷീൻ ക്ലീൻചെയ്യുക, അതിൽ ഒഴിക്കുക എന്നിവയാണ്. കുട്ടികളെ ആ ജോലിക്ക് അനുവദിച്ചുകൂടാ എന്നു പറയുന്നതു് ശരിയാണ്. എന്നാൽ സ്ത്രീകളേയും അനുവദിച്ചുകൂടാ എന്നു പറയുന്നതു് ശരിയല്ല. ഇപ്പോഴാണെങ്കിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും എല്ലാ കാര്യങ്ങളിലും തുല്യതയാണുള്ളതു്. ആ സ്ഥിതിക്ക് പുരുഷന്മാരെക്കാൾ ആരോഗ്യവും മറ്റുമുള്ള സ്ത്രീകളെ ഈ ജോലിക്കു അനുവദിക്കാൻ പാടില്ലെന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. യുദ്ധകാലത്തു് നടന്ന കാര്യങ്ങളിൽ നിന്നും നാമെല്ലാവരും ഇതു മനസ്സിലാക്കിയിരിക്കും. യുദ്ധത്തിന് ആണുങ്ങളെല്ലാം ജർമ്മനിയിലും ഫ്രാൻസിലുമൊക്കെ പോയപ്പോൾ ഇംഗ്ലണ്ടിൽ ആണുങ്ങളേക്കാൾ പകരം പെണ്ണുങ്ങളാണ് ജോലിചെയ്തതു്. അതുകൊണ്ടു് ഇങ്ങനെ അത്യാവശ്യമായ കാര്യങ്ങളിൽ കുറെ പെണ്ണുങ്ങളെ എങ്കിലും പരിചയപ്പെടുത്തിവച്ചിരുന്നാൽ സമയത്തിന് ഉപകരിക്കും. മേലാൽ നമ്മുടെ അഭിവൃദ്ധിക്കും പെണ്ണുങ്ങളുടെ അഭിവൃദ്ധിക്കും ഈ മാതിരി ചില്ലറ ജോലികൾ അവർക്കു കൊടുക്കേണ്ടതു് ആവശ്യമാണെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ അമെൻഡ്മെന്റ് കൊണ്ടുവന്നിരിക്കുന്നതു്. (ചിരി) ചുമ്മാ ചിരിച്ചുകളയാനല്ല ഞാനിതു പറയുന്നതു. പോപ്പുലേഷനിൽ പെണ്ണുങ്ങളാണ് കൂടുതൽ. അതും നാം ആലോചിക്കണം. ജോലി ഒന്നുമില്ലാതെ കവറുതേയിരുന്ന പെണ്ണുങ്ങളെ സമയം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Neelakanta Pillai.]

കൊല്ലാൻ അനുവദിക്കരുതു്. സ്ത്രീകൾ എന്നു പറഞ്ഞാൽ മൈനർ പിള്ളേരെയല്ല, പ്രായപൂർത്തി വന്നവരെയാണു് ഈ ജോലികൾക്കു് നിയമിക്കണമെന്നു പറഞ്ഞിരിക്കുന്നതു്. അതുകൊണ്ടു് നിശ്ചയമായിട്ടും സ്ത്രീകളെ ഈ വ്യവസ്ഥയിൽനിന്നും ഒഴിവാക്കണം. അങ്ങനെ പ്രായപൂർത്തിയുള്ള പെണ്ണുങ്ങൾക്കു് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിനു് യാതൊരു തടസ്സവും നാമായിട്ടു് ഉണ്ടാക്കിവയ്ക്കരുതെന്നുള്ളതാണു് എന്റെ ഭേദഗതിയുടെ ഉദ്ദേശം.

MR. P. KUNJUKRISHNAN : ഞാൻ ഭേദഗതിയെ പിൻതാങ്ങുന്നു.

MR. PONNARA G. SRIDHAR : ഞാൻ ഭേദഗതിയെ എതിർക്കുന്നു. നമ്മുടെ സ്ത്രീകളുടെ വേഷം ഇന്നു മാറിക്കഴിഞ്ഞിരുന്നു എങ്കിൽ നമുക്കു് ഈ ഭേദഗതി സ്വീകരിക്കാമായിരുന്നു. ഈ ക്ലാസ്സിൽ പറഞ്ഞിരിക്കുന്നതു് മെഷീൻസു് മൂവുചെയ്തുകൊണ്ടിരിക്കുമ്പോൾ സ്ത്രീകളെ അതു ക്ലീൻചെയ്യുന്നതിനും ഓയിൽ ചെയ്യുന്നതിനും അനുവദിക്കാൻ പാടില്ലെന്നാണു്. അങ്ങനെ അനുവദിക്കുകയാണെങ്കിൽ അവരുടെ ഇപ്പോഴത്തെ വസ്ത്രധാരണരീതിയനുസരിച്ചു് വലിയ ആപത്തുകൾക്കു് ഇടയാകും.

MR. K. P. NILAKANTA PILLAI : ആപ്രേഷൻ രൂമിൽ ധരിക്കുന്നതുപോലുള്ള വസ്ത്രങ്ങൾ ധരിച്ചാൽ ആ അപകടത്തിനു് പരിഹാരമുണ്ടാവുകയില്ലെ?

MR. PONNARA G. SRIDHAR : വേഷം പരിഷ്കരിച്ചുകഴിഞ്ഞാൽ അവരെക്കൊണ്ടു് ഈ ജോലികൾ ചെയ്യിക്കുന്നതിനു് എനിക്കു് വിരോധമൊന്നുമില്ല.

MR. THARIATHU KUNJITHOMMAN : ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു. "ആവശ്യം സൃഷ്ടിയുടെ മാതാവു്" എന്ന തത്വമനുസരിച്ചു് നമ്മുടെ ആവശ്യംപോലെ വസ്ത്രധാരണരീതി മാറിവരുന്നതാണു്. അതു് ഇന്നത്തെപ്പോലെതന്നെയായിരിക്കണമെന്നു് യാതൊരു നിർബന്ധവുമില്ല. അതുകൊണ്ടു വസ്ത്രധാരണരീതി ഇതിനൊരു തടസ്സമാകുകയില്ല. "പട്ടിണിപ്പാവങ്ങൾ" ധാരാളമുള്ള ഇക്കാലത്തു് സ്ത്രീകളുടെ സമത്വസുന്ദരമായ ഭാവിയെ കരുതി അവരെക്കൂടി കൂട്ടികളോടൊപ്പം വേലചെയ്യാൻ അനുവദിക്കാതിരിക്കുന്നതു് ഒരിക്കലും ശരിയല്ല.

MR. K. S. JOSEPH : ഞാൻ ഭേദഗതിയെ എതിർക്കുന്നു. മി. സ്പീക്കർ പറഞ്ഞ കാര്യം കൂടാതെ ഒരു കാര്യംകൂടി എനിക്കു് പറയാനുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സ്ത്രീകൾ തലമുടി സാധാരണ നീട്ടി വളർത്തുകയാണ് ചെയ്യുന്നത്. വസ്ത്രധാരണരീതികൊണ്ടുള്ള തടസ്സംപോലെതന്നെ ഇതും ഒരു തടസ്സമാണ്.

MR. K. P. NILAKANTA PILLAI : ഇപ്പോൾ അതിലേക്ക് നെറുകയിൽ കിട്ടുമെന്നറിയാമോ?

MR. K. S. JOSEPH : ഫാക്ടറികളിൽ പോകുന്ന സ്ത്രീകൾ സാധാരണ നെറ്റ് ഇട്ടുകൊണ്ടാണ് പോകുന്നതെന്ന ഞാൻ അറിഞ്ഞിട്ടില്ല.

MR. P. T. CHACKO : ഞാൻ ഭേദഗതിയെ എതിർക്കുന്നു. എനിക്ക് ഒരു സംഗതി മാത്രമേ പ്രസ്താവിക്കുവാനുള്ളൂ. എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യതയുണ്ടെന്ന് സ്ഥാപിക്കുന്ന ഒരു കാര്യത്തെപ്പറ്റിയെ പ്രസംഗിച്ചിട്ടുള്ളൂ. മി. കുഞ്ഞിത്തൊമ്മൻ സമത്വത്തെപ്പറ്റിയുള്ള പേടികൊണ്ടുമാത്രമാണ് ഭേദഗതിയെ പിൻതാങ്ങിയിട്ടുള്ളതെന്നല്ലാതെ മറ്റുതരത്തിൽ അത്ഥമുണ്ടെന്നു തോന്നുന്നില്ല.

MR. THARIATHU KUNJITHOMMAN : അങ്ങനെ സമത്വമായി കഴിയട്ടെ.

MR. P. T. CHACKO : ഇൻഡ്യൻ ഫാക്ടറി ആക്ടിലും ഈ വകുപ്പുണ്ട്. യന്ത്രങ്ങൾ നടന്നുകൊണ്ടിരിക്കുന്ന അവസരങ്ങളിലാണ് സ്ത്രീകളേയും കുട്ടികളേയും എണ്ണ ഒഴിക്കുന്നതിനും ക്ലീൻ ചെയ്യുന്നതിനും മറ്റും അനുവദിക്കാതിരിക്കുന്നത്.

MR. K. SIVARAMA PILLAI : Can a Lady Engineer go?

MR. P. T. CHACKO : ഫാക്ടറികളിലെ വർക്കേഴ്സിന്റെ കാര്യമാണ് പറയുന്നത്. ഈ നാട്ടിലെ ഫാക്ടറികളിലെ വർക്കേഴ്സ് എല്ലാം ഇൻജിനിയേർസ് ആണെങ്കിൽ കുഴപ്പമൊന്നുമില്ല. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള പറയുകയുണ്ടായി, സ്ത്രീകളെ മെഷീൻ ക്ലീൻ ചെയ്യുന്നതിന് അനുവദിച്ചാൽ അപകടമൊന്നുമുണ്ടാകയില്ലെന്ന. ഇതിൽ പറയുന്നത് യന്ത്രങ്ങൾ മൂവുചെയ്യുമ്പോൾ സ്ത്രീകളെ ഈ ജോലികൾക്കൊന്നും അനുവദിക്കരുതെന്നാണ്. മൂവുചെയ്യാതിരിക്കുമ്പോൾ അവരെക്കൊണ്ട് ഈ ജോലികൾ ചെയ്യിക്കുന്നതിന് വിരോധമൊന്നുമില്ല.

MR. P. M. VARGHESE : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ട്രസ്സിന്റെ അസൗകര്യങ്ങൾ കൊണ്ടൊന്നുമല്ല ഞാൻ ഇതിനെ എതിർക്കുന്നത്. പുരുഷന്മാർക്ക് വല്ല അപകടവും വന്നാൽതന്നെയും നമുക്ക് കൂടെയൊക്കെ സഹിക്കാൻ വിഷമമില്ലാത്ത കാര്യമാണ്. നേരേമറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Varghese.]

സ്ത്രീകൾക്കും കുട്ടികൾക്കും എന്തെങ്കിലും അപകടം ഉണ്ടായാൽ അതു് സഹിക്കാവുന്നതല്ല. അങ്ങനെ സെൻറിമെൻറലായിട്ടു് ഉള്ള ഒരു സംഗതിയെക്കൂടി മുൻനിറുത്തിയാണു് ഞാൻ ഈ ഭേദഗതിയെ പ്രതിക്കുന്നതു്.

HON'BLE MR. N. KUNJURAMAN : ഞാൻ ഈ ഭേദഗതിയെ എതിക്കുന്നു.

The amendment was put to vote and lost.

The question that Clauses 22 to 103 do stand part of the Bill was put and carried and the clauses were added to the Bill.

CLAUSE 104.

MR. K. P. NILAKANTA PILLAI : In sub-clause (i) substitute the words 'the aggrieved or any interested party' for the words 'or with the previous sanction in writing of an Inspector' ഇതാണു് എന്റെ ഭേദഗതി. ഈ ഫാക്റ്ററി ആക്റ്റിലെ വ്യവസ്ഥകൾക്കു വിപരീതമായി എന്തെങ്കിലും കുറ്റം ഒരു ഫാക്റ്ററി ഉടമസ്ഥനോ മറ്റാരെങ്കിലുമോ തൊഴിലാളികളോടു് കാണിച്ചാൽ ആ കുറ്റത്തെ സംബന്ധിച്ചു് കോടതിയിൽ ഒരു കേസു കൊടുക്കണമെങ്കിൽ—അല്ലെങ്കിൽ അങ്ങനെ ഒരു കേസു കൊടുത്താൽ അതു് കോടതി സ്വീകരിക്കണമെങ്കിൽ അതിനു ഫാക്റ്ററി ഇൻസ്പെക്ടരുടെ രേഖാമൂലമായ അനുവാദം മുൻകൂട്ടി വാങ്ങിച്ചിരിക്കണമെന്നാണു് ഈ ക്ലാസ്സിൽ പറയുന്നതു്. എന്നാൽ എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് ഫാക്റ്ററി നിയമമനുസരിച്ചുള്ള കുറ്റം ഒരു ഫാക്റ്ററിക്കെതിരെ നടക്കുന്നപക്ഷം അതിനെപ്പറ്റി തൊഴിലാളികൾക്കു് കോടതിയിൽ സങ്കടം ബോധിപ്പിക്കുന്നതിനു് ഇൻസ്പെക്ടറന്മാരുടെ അനുവാദം ആവശ്യമില്ലെന്നു് വ്യവസ്ഥചെയ്യുന്നതിനാണു്. സങ്കടക്കാരനോ അല്ലെങ്കിൽ അയാൾക്കുവേണ്ടി താല്പര്യമുള്ള മറ്റൊരാളിനോ കോടതിയിൽ അന്യായം ബോധിപ്പിക്കുന്നതിനുള്ള അവകാശം എപ്പോഴും ഉണ്ടായിരിക്കണം.

The House adjourned at 4-30 P. M.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly